പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1565 — 14.06.2013-ലെ മറുപടിക്ക്

## സി.എച്ച്.മുഹമ്മദ്കോയ ചെയർ സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് സർവ്വകലാശാലാ ക്യാമ്പസ്സിൽ സി.എച്ച്.മുഹമ്മദ് കോയ ചെയർ സ്ഥാപിക്കുന്നതിനു വേണ്ടി സാമ്പത്തിക സഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് പെർമിസീവ് സാംഗ്ഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | എ) ഉണ്ട്. പകർപ്പ് അനുബന്ധം I (a) യും (b) യും ആയി ചേർക്കുന്നു. |
| ബി) ഈ ഉത്തരവ് പ്രകാരം ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ത് തുക വീതം എന്നെല്ലാം സി.എച്ച്.ചെയറിനായി നൽകിയിട്ടുണ്ട്; വിശദമായ കണക്കുകൾ ലഭ്യമാക്കുമോ ; | ബി) അനുബന്ധം II ആയി ചേർക്കുന്നു |
| സി) പിരിച്ചെടുത്ത തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ; | സി) കോഴിക്കോട് സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ നമ്പർ 2 അക്കൗണ്ടിൽ. |
| ഡി) പ്രസ്തുത തുകയിൽ നിന്നും ഏതെങ്കിലും പദ്ധതിക്കായി പണം ഉപയോഗിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | ഡി) ഇല്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ സി.എച്ച്.ചെയറിനു വേണ്ടി ₹1,05,131 ചിലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Sectt. 37: 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് സർവ്വകലാശാല - സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് കോർപ്പറേഷൻ / മുനിസിപ്പിലാറ്റികളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ്) നം. 2277/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01.10.2011.

---

**പരാമർശം:-** 1) സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ് ഡയറക്ടറുടെ 20.08.2011-ലെ 16/2011 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന പുരോഗമിക്കുന്ന സമൂഹങ്ങളുടെ പുരോഗമന - സാംസ്കാരിക വിഷയങ്ങളെകുറിച്ച് പഠനവും ഗവേഷണവും നടത്തുന്ന സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ ഡെവലപ്പിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കോർപ്പറേഷനുകളിൽ നിന്നും മുൻസിപ്പാലിറ്റികളിൽ നിന്നും 50000/- രൂപ വീതം ധനസഹായമായി നൽകുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് ഗവേഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കേരളത്തിലെ കോർപ്പറേഷനുകൾ / മുനിസിപ്പിലാറ്റികളിൽ നിന്നും അവയുടെ കൗൺസിൽ തീരുമാനത്തിന് വിധേയമായി 50,000/- **(അൻപതിനായിരം രൂപ മാത്രം)** ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്.)
ഡയറക്ടർ, സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ്, കോഴിക്കോട് സർവ്വകലാശാല പി.ഒ., 673635.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്,
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ

പകർപ്പ് 26

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് സർവ്വകലാശാല - സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 2095/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 06.09.2011.

**പരാമർശം:-** സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ് ഡയറക്ടറുടെ 20.07.2011-ലെ 15/11 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷങ്ങൾ, ദളിതർ, ആദിവാസികൾ, തുടങ്ങിയ വിഭാഗങ്ങളെ കുറിച്ച് പഠനം, ഗവേഷണം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്ന 'സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ്' എന്ന സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 50,000/- രൂപയുടെ ധനസഹായം നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് സർവ്വകലാശാലയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന 'സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ്' എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും അവരുടെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി **50,000/- (അൻപതിനായിരം രൂപ മാത്രം)** രൂപയിൽ കവിയാത്ത തുക തനത് ഫണ്ടിൽ നിന്ന് ധനസഹായമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
രാജേഷ് കുമാർ സിംഗ്,
ഗവൺമെന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
ഡയറക്ടർ, സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ്, കോഴിക്കോട് സർവ്വകലാശാല പി.ഒ., 673635.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ.

അനുബന്ധം II

Q - 1555

| തുക ലഭിച്ചത് | ആർ.വി.നം. | പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | തുക |
|---|---|---|---|
| 07.11.11 | 2529 | പൊൻമുള ഗ്രാമപഞ്ചായത്ത് | 25,000 |
| 12.01.12 | 2755 | മാഹി ഗ്രാമപഞ്ചായത്ത് | 5,000 |
| 01.02.12 | 2786 | ചേങ്ങല ഗ്രാമപഞ്ചായത്ത് | 50,000 |
| 07.02.12 | 2926 | പൊന്നാനി നഗരസഭ | 10,000 |
| 27.02.12 | 2939 | ആലംകോട് ഗ്രാമപഞ്ചായത്ത് | 10,000 |
| 19.02.11 | 2685 | താഴെക്കോട് ഗ്രാമപഞ്ചായത്ത് | 50,000 |
| 28.12.11 | 2664 | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | 25,000 |
| 28.12.11 | 2664 | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | 25,000 |
| 04.01.12 | 2662 | വെട്ടം ഗ്രാമപഞ്ചായത്ത് | 5,000 |
| 29.03.12 | 147 | പറപ്പൂർ ഗ്രാമപഞ്ചായത്ത് | 50,000 |
| 27.04.12 | 351 | കൊല്ലം കോർപ്പറേഷൻ | 10,000 |
| 17.04.12 | 222 | ഊരകം ഗ്രാമപഞ്ചായത്ത് | 50,000 |
| 15.03.12 | 223 | നന്മണ്ട ഗ്രാമപഞ്ചായത്ത് | 2,000 |
| 21.06.12 | 427 | മംഗലം ഗ്രാമപഞ്ചായത്ത് | 50,000 |
| 20.07.12 | 1265 | മേപ്പാടി ഗ്രാമപഞ്ചായത്ത് | 25,000 |
| 20.07.12 | 1266 | മേപ്പാടി ഗ്രാമപഞ്ചായത്ത് | 25,000 |
| 15.06.13 | 3114 | അഞ്ചുന്നൂർ ഗ്രാമപഞ്ചായത്ത് | 35,000 |
| 07.06.13 | -- | നാദാപുരം ഗ്രാമപഞ്ചായത്ത് | 50,000 |
| | | ആകെ | 5,02,000 |

സെക്ഷൻ ഓഫീസർ.